(ഡി) 1988 ന് മുമ്പായി നടത്തിയിട്ടുള്ള നിയമനങ്ങൾ കമ്പനി നേരിട്ട് പത്രപ്പരസ്യം മുഖേനയാണ് നടത്തിയിട്ടുള്ളത്. 1988-ന് ശേഷം പി.എസ്.സി. യുടെ പരിധിയിൽ വരുന്ന നിയമനങ്ങൾ പി.എസ്.സി. യിൽ കൂടി നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയാണ് നടത്തിവരുന്നത്. പി.എസ്.സി. യുടെ പരിധിയിൽപ്പെടാത്ത തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്രപ്പരസ്യം വഴിയുമാണ് നടത്തിവരുന്നത്. കമ്പനി പുതുതായി നിർമ്മിക്കുന്ന ഫാക്ടറിയിലേക്ക് 14 ടെക്നിക്കൽ തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നിയമനം നടത്തിയിട്ടുണ്ട്.

(ഇ) പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാവാത്തതിനാൽ നിയമനങ്ങൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിവരുന്നു. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ 2 വർഷത്തേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന വിവിധ കാറ്റഗറികളിലായി 3 പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(എഫ്) ഉദ്യോഗാർത്ഥികളുടെ എണ്ണം കുറവായതിനാൽ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ നടത്തിയിരുന്നത്.

(ജി) കമ്പനി നിർമ്മിക്കുന്ന പുതിയ മില്ലിനു വേണ്ടി 14 ടെക്നിക്കൽ തസ്തികകളിലേക്ക് സ്ഥിരം നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരം നിയമനമായതുകൊണ്ടും ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലായതുകൊണ്ടും കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ കേരളത്തിലെ 33 വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ കളമശ്ശേരി മുഖേന എഴുത്തുപരീക്ഷ നടത്തി അതിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ ഉദ്യോഗാർത്ഥികളെ ഒരൊഴിവിലേക്ക് 5 പേരെ വീതം എന്ന കണക്കിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയാണ് നിയമനം നടത്തിയിട്ടുള്ളത്.

(എച്ച്) ഉണ്ട്, പരാതി പരിശോധിച്ചുവരുന്നു.

1100-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

1015,1036,1052,1100 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 AM]

II. ശ്രദ്ധക്ഷണിക്കൽ

(1) വല്ലാർപാടം ഇന്റർ നാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി

ശ്രീ.കെ.ബാബു : സർ,കേരളത്തിന്റെയും കൊച്ചിയുടെയും വികസനത്തിനും പുരോഗതിക്കും ഏറ്റവും കൂടുതൽ പങ്കുവഹിക്കേണ്ട നിർദ്ദിഷ്ട വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി അവതാളത്തിലാകുമെന്ന ആശങ്കാജനകവും ഗുരുതരവുമായ സാഹചര്യത്തിലേക്ക് സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധക്ഷണിക്കുകയാണ്. ആഴമാർന്ന ചാനലും പ്രകൃതിക്ഷോഭങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന കിഴക്കൻ തുറമുഖങ്ങളേക്കാൾ ശാന്തതയും റോഡ്-റെയിൽ ഗതാഗത സൗകര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി ആകർഷക സാഹചര്യങ്ങൾ പലതും കൊച്ചി തുറമുഖത്തിനുണ്ട്. നെതർലാന്റിൽനിന്നു വന്ന എട്ടംഗ വിദഗ്ദ്ധസംഘം സ്ഥലം സന്ദർശിച്ച് വല്ലാർപാടം പദ്ധതിയുടെ സാദ്ധ്യതകളിൽ മതിപ്പ് പ്രകടിപ്പിക്കുകയും ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തുവെങ്കിലും അതിനെ അവഗണിക്കുകയും അനിശ്ചിതത്ത്വത്തിലേക്ക് താഴ്ത്തുകയും ചെയ്തു. ഒടുവിൽ അതെല്ലാം അതിജീവിച്ച് ഈ പദ്ധതി അംഗീകാരം നേടുകയുണ്ടായി . അതിന്റെ ആദ്യഘട്ടത്തിൽ ഡ്രഡ്ജിംഗിന് 303 കോടി രൂപയും റോഡ്-റെയിൽ ഗതാഗതത്തിന് 165 കോടി രൂപ ഉൾപ്പെടെ ആദ്യഘട്ടത്തിന് 743 കോടി രൂപയും മൊത്തത്തിൽ 1874 കോടി രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.സിംഗപ്പൂരിനോടും കൊളംബോയോടുമൊക്കെ കിട . പിടിക്കാവുന്ന വിധത്തിൽ കൊച്ചിയെ വളർത്തിയെടുക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ഇത്രയും ഭീമമായ തുക മുടക്കി ഈ പദ്ധതി ഏറ്റെടുക്കാൻ തുറമുഖ ട്രസ്റ്റിനോ കേന്ദ്ര സർക്കാരിനോ കഴിയില്ല. സ്വകാര്യ പങ്കാളിത്തം ഇതിനു വേണ്ടിവരുമെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. സ്വകാര്യപങ്കാളിത്തത്തിൽ ഈ പദ്ധതി ഏറ്റെടുക്കാൻ പോർട്ട്ട്രസ്റ്റിന്റെ ഇന്നുള്ള വ്യവസ്ഥയിൽ മുപ്പതു വർഷം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. അതു ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകണം. ലോകപ്രശസ്തമായ 16 ഏജൻസികൾ ഈ പദ്ധതിയിൽ മുതൽമുടക്കാൻ താൽപ്പര്യം കാണിച്ചു. ഇതിൽ പത്തു സ്ഥാപനങ്ങളെ സർഫസ് ട്രാൻസ്പോർട്ട് മിനിസ്ട്രി പ്രീ ക്വാളിഫൈ ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ 70 കോടി രൂപ മുതൽമുടക്കി നിർമ്മിച്ച നിലവിലുള്ള രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ സ്വകാര്യവൽക്കരിക്കുന്നതിന് എതിരായി തുറമുഖ തൊഴിലാളി സംഘടനകൾ പ്രചരണവും പ്രക്ഷോഭണങ്ങളുമായി വന്നിരിക്കുകയാണ്. ഇന്ന് (30-ാം തീയതി) തുറമുഖ പണിമുടക്ക് പ്രഖ്യാപിച്ചിരുന്നതാണ്. ഏതായാലും ആ പണിമുടക്ക് മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു. നിലവിലുള്ള രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ സ്വകാര്യവൽക്കരിക്കാതെ അതു പോർട്ട് ട്രസ്റ്റ് തന്നെ നിലനിറുത്തണമെന്നാണ് യൂണിയനുകളുടെ നിലപാട്. വല്ലാർപാടം പദ്ധതി നിലവിൽ വരുമ്പോൾ 70 കോടി രൂപ മുതൽമുടക്കുള്ള രാജീവ്ഗാന്ധി ടെർമിനൽ ട്രസ്റ്റിനു ബാദ്ധ്യതയാകുമെന്നാണ് പോർട്ട് ട്രസ്റ്റിന്റെ നിലപാട്. അതുകൂടി വിട്ടു കൊടുക്കാതെ സ്വകാര്യ കമ്പനികൾ വല്ലാർപാടം പദ്ധതിക്ക് താൽപ്പര്യം കാണിക്കുന്നില്ല. ഇങ്ങനെ പോർട്ട് ട്രസ്റ്റ് പറയുകയും ഇവിടെ പ്രചരണങ്ങളും പ്രക്ഷോഭങ്ങളുമുണ്ടാക്കാൻ പോകുന്നതിന്റെയും ഫലമായി പ്രീ ക്വാളിഫൈ ചെയ്ത പത്തു സ്ഥാപനങ്ങളിൽ എട്ടെണ്ണമെ ടെൻഡർ രേഖകൾ വാങ്ങിയുള്ളു. രണ്ടു സ്ഥാപനങ്ങൾ അതിൽ നിന്നും പിൻമാറി. മെയ് 11 ന് പ്രീ ബിഡ് യോഗം നടത്താൻ തീരുമാനിച്ചിരുന്നു. ആ യോഗത്തിൽ ആറു സ്ഥാപനങ്ങൾ മാത്രമാണ് പങ്കെടുത്തത് . ഈ പശ്ചാത്തലത്തിൽ ടെൻഡർ സമർപ്പിക്കാനുള്ള തീയതി പോർട്ട് ട്രസ്റ്റിനു ഒരു മാസത്തേക്ക് കൂടി എക്സ്റ്റൻഡ് ചെയ്യേണ്ടി വന്നിരിക്കുകയാണ്. 2005-ൽ പൂർത്തിയാകേണ്ട ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ മറ്റു തുറമുഖങ്ങൾ ഈ സാദ്ധ്യത മുതലെടുക്കും. ഈ പദ്ധതിയുടെ സാദ്ധ്യത ഇല്ലാതാവുകയും പ്രസക്തി നഷ്ടപ്പെടുകയും ചെയ്യും. ഇന്ത്യയിലെയും വിദേശത്തെയും തുറമുഖങ്ങളിൽ വളരെ വേഗത്തിലുള്ള ആധുനികവൽക്കരണവും വികസനവും നടന്നുവരികയാണ്. ചൈന, റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ തുറമുഖങ്ങൾ സ്വകാര്യപങ്കാളിത്തത്തോടെ ആധുനികവൽക്കരിക്കപ്പെട്ടു. ഇന്ത്യയിൽ വിശാഖപട്ടണം, ചെന്നൈ ,മുംബൈ തുടങ്ങിയ തുറമുഖങ്ങളിലും സ്വകാര്യ പങ്കാളിത്തത്തോടു കൂടി ആധുനികവൽക്ക

LIBRARY ARCHIVES Kerala Legislative Assembly

രണവും വികസനവും നടക്കുന്നുണ്ട്. കൊച്ചി തുറമുഖത്തിന്റെ വികസനത്തിനു തടസ്സമുണ്ടാകാതെ നോക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യമാണ്. തൊഴിലാളികളുടെ ആശങ്കകൾക്ക് പരിഹാരമുണ്ടാവുകയും വേണം. തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകണം. അതോടൊപ്പം അവരുടെ സേവന-വേതന വ്യവസ്ഥകളും സംരക്ഷിക്കപ്പെടണം. അവരെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടുവേണം ഈ പദ്ധതി നടപ്പിലാക്കാൻ. വല്ലാർപാടം പദ്ധതിക്ക് ഉണ്ടായിട്ടുള്ള അനിശ്ചിതത്വം അവസാനിപ്പിക്കാനും ഈ പദ്ധതി യാഥാർത്ഥ്യമാക്കാനും സംസ്ഥാന സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നടപ്പാക്കുമ്പോൾ സ്വകാര്യ കമ്പനികളുടെ രൂപീകരണം,അവരുടെ മുതൽമുടക്ക്, കൊച്ചിൻ പോർട്ട് ട്രസ്റ്ററിന്റെ മുതൽമുടക്ക്, ഇൻഡ്യൻ വ്യവസായികൾ നൽകേണ്ടിവരുന്ന അധിക കണ്ടെയ്നർ ചാർജ്,രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ സ്വകാര്യ കമ്പനി ഏറ്റെടുക്കുന്നതു തുടങ്ങി കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ തൊഴിലാളികൾ അതിജീവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടി. കൊച്ചിൻ പോർട്ട് ലേബർ യൂണിയൻ, കൊച്ചിൻ പോർട്ട് സ്റ്റാഫ് അസോസിയേഷൻ, കൊച്ചിൻ പോർട്ട് വാർഫ് സ്റ്റാഫ് അസോസിയേഷൻ തുടങ്ങി ഏഴ് ട്രേഡ് യൂണിയൻ സംഘടനകൾ സംയുക്തമായി തുറമുഖ സംരക്ഷണ സമിതിയുടെ പേരിൽ 27.6.1999 ൽ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനം അടിയന്തിര നടപടികൾക്കായി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അഭിമാനകരമായ പ്രോജക്ടുകളിൽ ഒന്നാണ് വല്ലാർപാടം പദ്ധതി. വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് സെന്റർ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയെപ്പറ്റി കൊച്ചിൻ പോർട്ട് ട്രസ്റ്റ് അധികൃതരിൽ നിന്നും ലഭിച്ച മറുപടി ഇപ്രകാരമാണ്. കഴിഞ്ഞ പത്തു വർഷമായി ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി തുറമുഖ ട്രസ്റ്റ് പ്രധാനപ്പെട്ട ടെർമിനൽ ഓപ്പറേറ്റേഴ്സിന്റെ സഹകരണം തേടിക്കൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിൽ ഇന്ത്യയിലും വിദേശത്തുമുള്ള മറ്റു തുറമുഖങ്ങൾ, കൊച്ചി പ്രോജക്ടിന്റെ പ്രവർത്തനത്തെ ഹാനികരമായി ബാധിക്കുന്ന വിധത്തിൽ പുതിയ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലുകളുമായി മുൻപോട്ടു വന്നു. ആസ്ട്രേലിയയിലെ പി ആന്റ് ഒ. മുംബൈയിലെ ജവഹർലാൽ നെഹ്റു തുറമുഖത്ത് ഒരു പുതിയ കണ്ടെയിനർ ടെർമിനൽ സ്ഥാപിച്ചതും സിംഗപ്പൂർ തുറമുഖ അതോറിട്ടി തൂത്തുക്കുടി തുറമുഖ ട്രസ്റ്റുമായി സഹകരിച്ച് ആധുനിക കണ്ടെയ്നർ ഹാൻഡിലിങ്ങ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു കോൺട്രാക്ടുണ്ടാക്കുകയും ചെയ്തത് ഇവയിൽ ചിലതാണ്. അവ ഈ വർഷം പ്രവർത്തനം തുടങ്ങുകയും ചെയ്യും. കൊളംബോ, സലാല (ഒമാൻ), ഏഥെൻ എന്നിവിടങ്ങളിൽക്കൂടി പുതിയ സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നതും കൊച്ചി തുറമുഖത്തിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്ന എന്തെങ്കിലും കാലതാമസവും ഒരു ആധുനിക കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുന്നതിനുള്ള അവസരത്തെ സ്ഥിരമായി ഇല്ലാതാക്കും. അതുകൊണ്ട് വല്ലാർപാടത്ത് പുതിയ ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി രാജ്യാന്തര സഹായം (ഗ്ളോബൽ ഓഫർ) പോർട്ട് ട്രസ്റ്റ് ക്ഷണിക്കുകയും കിട്ടിയ പ്രതികരണത്തെ അടിസ്ഥാനമാക്കി വല്ലാർപാടത്ത് ഒരു ബി.ഒ.ടി. പ്രോജക്ട് ടെൻഡർ ചെയ്തു കൊടുക്കുന്നതിനു വേണ്ടി പത്ത് പ്രധാനപ്പെട്ട ടെർമിനൽ ഓപ്പറേറ്റേഴ്സിനെ തുറമുഖ

LIBRARY ARCHIVES Kerala Legislative Assembly

ട്രസ്റ്റ് ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. ടെൻഡർ രേഖകൾ ഈ കമ്പനിയ്ക്ക് നൽകി കഴിഞ്ഞു. അവരുടെ സാമ്പത്തിക ഭദ്രത ;സാങ്കേതിക മേൻമ തുടങ്ങിയവയെ സംബന്ധിച്ച വസ്തുതകൾ 1999 ആഗസ്റ്റിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2005-ാമാണ്ടോടുകൂടി വല്ലാർപാടത്ത് ടെർമിനൽ പ്രോജക്ട് സ്ഥാപിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ടെർമിനൽ ഓപ്പറേറ്റേഴ്സുമായി ഒരു സംയുക്ത സംരംഭ കമ്പനി സ്ഥാപിക്കുവാനാണ് തുറമുഖ ട്രസ്റ്റിന്റെ പദ്ധതി. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നടപ്പാക്കുമ്പോൾ ട്രേഡ് യൂണിയനുകൾ പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾ ദൂരീകരിച്ച് നടപ്പാക്കണമെന്ന് ഞാൻ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി ശ്രീ.നിതീഷ് കുമാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u> : സർ, പദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ തടസ്സമില്ല. അവിടെ തൊഴിലാളികളും പോർട്ട് ട്രസ്റ്റും തമ്മിലുള്ള തർക്കമാണ്. തുറമുഖത്തിലെ തൊഴിലാളി സംഘടനകളുടെയും പോർട്ട് ട്രസ്റ്റ് അധികൃതരുടെയും ഒരു യോഗം അങ്ങ് മുൻകൈയെടുത്ത് വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(2) യുവജനങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ

<u>ശ്രീ. ജോസ് ബേബി</u> : സർ, കേരളത്തിലെ യുവജനങ്ങളുടെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട് കേരളത്തിലെ തൊഴിലില്ലായ്മ. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 38 ലക്ഷത്തോളം ആളുകൾ ഇപ്പോൾ തൊഴിലില്ലാത്തവരായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി. യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖേന നിരവധി പോസ്റ്റുകൾ ഫിൽ ചെയ്യാനും നിരവധി തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാകണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലവിലുള്ള പ്ളാനിംഗിൽ മാറ്റമുണ്ടാകണം. സംസ്ഥാന പ്ളാനിംഗ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ മാറ്റമെന്ന് പറയുമ്പോൾ നമ്മുടെ ജനകീയാസൂത്രണ പ്രവർത്തനങ്ങളൊക്കെ നടക്കുന്ന കാലമായതു കൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഫണ്ട് നിശ്ചിത പ്രോജക്ട്വൈസിലാണ് നമ്മൾ കൊടുക്കുന്നത്. തീർച്ചയായും പഞ്ചായത്തുകൾക്ക് പണം നൽകുമ്പോൾ ഇപ്പോൾ കൊടുക്കുന്ന നിർദ്ദേശത്തിന്റെയൊപ്പം പുതിയ തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ഫണ്ട് അനുവദിക്കുമ്പോൾ ഇൻസ്ട്രക്ഷൻ കൊടുക്കണം. തൊഴിൽ സംരംഭങ്ങൾക്ക് സംസ്ഥാനബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുകയും പുതിയ തൊഴിൽസംരഭങ്ങൾക്ക്വേണ്ടി ബഡ്ജറ്റിൽ നിന്ന് ഗവൺമെന്റ് തന്നെ 100 കോടി രൂപ അനുവദിക്കുക, അതൊടൊപ്പം തന്നെ സംസ്ഥാനത്തിൽ നിരവധി ബാങ്കുകളുണ്ട്. ആ ബാങ്കുകളുമായി സംസാരിച്ച് ഒരു ധാരണയുണ്ടാക്കി 900 കോടി രൂപയും അങ്ങനെ ആയിരം കോടി രൂപയുടെ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണം. ബന്ധപ്പെട്ട വകുപ്പുകൾക്ക് അതിനാവശ്യമായ നിർദ്ദേശം. കൊടുക്കണം. ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കു

LIBRARY ARCHIVES Kerala Legislative Assembly